**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3193** **13-07-2022 - ൽ മറുപടിയ്ക്ക്**

**ടീച്ചർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, ഡയറ്റ് അദ്ധ്യാപക നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ടീച്ചർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, ഡയറ്റ് തുടങ്ങിയ സ്ഥാപനങ്ങളിലേക്ക് അധിക യോഗ്യതയുള്ള പ്രൈമറി അദ്ധ്യാപകരെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (എ) | ടീച്ചർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിലെ ഹൈസ്കൂൾ അദ്ധ്യാപക തസ്തികകളിൽ ഹൈസ്കൂൾ അദ്ധ്യാപക (എച്ച്.എസ്.ടി) റാങ്ക് ലിസ്റ്റിൽ നിന്നും പി.എസ്.സി വഴി നേരിട്ടുള്ള നിയമനമാണ് നടത്തിവരുന്നത്. അധിക യോഗ്യതയുള്ള പ്രൈമറി അദ്ധ്യാപകരെ സ്ഥാനക്കയറ്റം നൽകിയും നിയമിച്ചു വരുന്നു.<br><br>പുതുക്കിയ സ്പെഷ്യൽ റൂൾ പ്രകാരം ഡയറ്റിലെ ലക്ചറർ തസ്തികയിലെ 50% ഒഴിവുകൾ യോഗ്യതയുള്ള സർക്കാർ സ്കൂൾ അദ്ധ്യാപകർക്ക് തസ്തികമാറ്റം വഴി നിയമനം നൽകുന്നതിനായി കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിക്കുന്ന മുറയ്ക്ക് പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി മുതലായ സർക്കാർ സ്കൂളുകളിലെ യോഗ്യതയുള്ള അദ്ധ്യാപകർക്ക് തസ്തികമാറ്റം വഴി ഡയറ്റിലെ ലക്ചറർ തസ്തികയിലേയ്ക്ക് അപേക്ഷ നൽകാവുന്നതാണ്. |
| (ബി) | ഹയർ സെക്കന്ററി, ഹൈസ്കൂൾ വിഭാഗങ്ങളിലേക്ക് പ്രമോഷൻ നൽകുന്നത് പോലെ പ്രൈമറി അദ്ധ്യാപകരെ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിലും, ഡയറ്റിലും നിയമിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) | ടീച്ചർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിലെ ഹൈസ്കൂൾ അദ്ധ്യാപക തസ്തികയിലെ ആകെ ഒഴിവുകളുടെ 15% ഒഴിവുകളിൽ അധിക യോഗ്യതയുള്ള പ്രൈമറി അദ്ധ്യാപകരെ സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നു. ഇപ്രകാരം നിയമിക്കപ്പെടുന്ന അദ്ധ്യാപകർ ടീച്ചർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിലെ ഹൈസ്കൂൾ അദ്ധ്യാപക തസ്തികകളിൽ സേവനം അനുഷ്ഠിക്കുന്നു.<br><br>കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുള്ള ഡയറ്റിലെ ലക്ചറർ തസ്തികയിലെ തസ്തികമാറ്റം വഴിയുള്ള ഒഴിവുകളിലേയ്ക്ക് പ്രൈമറി അദ്ധ്യാപകർക്ക് 2 ഉം ഹൈസ്കൂൾ, ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി, ടീച്ചർ എഡ്യൂക്കേറ്റർ അദ്ധ്യാപകർക്ക് 1 ഉം (2:1) എന്ന |

| | | | |
|---|---|---|---|
| | | | അനുപാതത്തിലാണ് നിയമനം നൽകുന്നത്. എന്നാൽ പ്രൈമറി അദ്ധ്യാപകർക്ക് പ്രൊമോഷൻ വഴി ഡയറ്റിലേയ്ക്ക് നിയമനം നൽകുന്നില്ല. |

സെക്ഷൻ ഓഫീസർ